ആസ നമുക്കു ഒരു ഉപകാരം ചെയ്യുന്നതു നമുക്കു തന്നെ ചെയ്വാൻ വഹിയാത്ത ചില കാൎയ്യങ്ങളിൽ ആകുന്നു. ദൃഷ്ടാന്തമായിട്ടു, ഭൂമിയിൽ ഒരു രാജാവു എത്രമേൽ ബുദ്ധിമാനായിരുന്നാലും തന്റെ ഉദ്യോഗസ്ഥന്മാർ തങ്ങളുടെ മുറയൊക്കയും ചെയ്യാതെയിരുന്നാൽ തന്റെ രാജ്യഭാരം തനിക്കു അസാദ്ധ്യമായി തീരുകെയുള്ളു. അവർ അതു ചെയ്യാതെയിരിക്കുമ്പോൾ രാജാവു ശക്തിഹീനൻ തന്നെ. എന്നാൽ ദൈവം സൎവ്വശക്തനാകുന്നു അതുകൊണ്ടു മനുഷ്യരുടെ പ്രവൃത്തികൾ എന്നല്ല പ്രധാന ദൂതന്മാരുടേതുപോലും പ്രപഞ്ചത്തെ ഭരിക്കുന്നതിനു ആവശ്യപ്പെടുന്നില്ല. സകല വസ്തുക്കളെയും തന്നെത്താൻ ഉണ്ടാക്കി പരിപാലിച്ചുവരുന്ന ആൾക്കു മനസ്സുണ്ടെങ്കിൽ തന്നെത്താൻ അവയെ ഭരിപ്പാനും കഴിയും. ഇതിൽനിന്നു സ്വൎഗ്ഗത്തിലുള്ള ദൂതന്മാരിൽ പ്രധാനിക്കു തന്നെയും തന്റെ മുറയിലധികം ചെയ്യ കൂടാ എന്നു നാം കാണുന്നു. സ്രഷ്ടാവിന്നായിട്ടു ഒരു ഉപകാരം ചെയ്കയൊ ദൈവത്തെ സേവിക്കയൊ സേവിക്കാതെയിരിക്കയൊ എന്നിങ്ങിനെ തന്റെ ഇഷ്ടപ്രകാരം തിരഞ്ഞെടുക്കയൊ ചെയ്വാൻ അവനു കഴിയുന്നതല്ല. എന്നു തന്നെ അല്ല മുൻപ തന്നെ ദൈവത്തിനുള്ളതല്ലാത്ത യാതൊന്നും ദൈവത്തിന്നു കൊടുപ്പാൻ സൃഷ്ടിക്കപ്പെട്ടവരിൽ ഒരുത്തനും കഴിയുന്നതല്ല. എന്തെന്നാൽ അവൻ തന്നെ ദൈവത്തിന്റെ ഒരു സൃഷ്ടിയാകുന്നു. ദൈവം കൊടുത്തിട്ടുള്ളതല്ലാതെ അവനു യാതൊന്നുമില്ലാതാനും. അതുകൊണ്ടു ദൈവത്തിന്റെ പക്കൽനിന്നു തനിക്കു കിട്ടിയേ കഴിവു എന്നു യാതൊന്നിനെ പററിയും അവകാശം പറവാൻ ഒരു ദൈവദൂതനുപോലും കഴിയുന്നതല്ല. ദൈവം അവന്നു നല്കുന്നതൊക്കയും സൌജന്യവും തന്റെ വല്ലഭത്വത്തിന്നടുത്തതുമായ ദാനമാകുന്നു.

മനുഷ്യന്റെ അവസ്ഥ നോക്കിയാലും അങ്ങിനെ തന്നെ. മനുഷ്യൻ ദൈവത്തിന്റെ സൃഷ്ടിയാകുന്നു. ദൈവം നല്കീട്ടുള്ളതല്ലാതെ മറെറാന്നും അവന്നില്ല. മനുഷ്യന്നുള്ളതൊക്കയും ദൈവം തന്റെ കരുണയാൽ അവന്നു ദാനം ചെയ്തിരിക്കുന്നതാകുന്നു. ദൈവത്തോടു മനുഷ്യന്നുണ്ടാകേണ്ടിയ നന്ദി കഴിയുന്നതായിരുന്നാൽ ദൈവദൂതന്മാൎക്കുള്ളതിനെക്കാൾ വലുതായിരിക്കേണം. എന്തെന്നാൽ ദൈവദൂതന്മാർ ഒരിക്കൽപോലും പാപം ചെയ്തി

ട്ടില്ല. എന്നാൽ മനുഷ്യൻ പാപം മുഖാന്തരം തന്നെത്താൻ ഹീനനാക്കി അതിനാൽ ദൈവകോപത്തിനു പാത്രവാനാകുന്നു. എങ്കിലും ദൈവം അവനു വല്ലൊ അനുഗ്രഹങ്ങളെ നല്കുന്നു. എന്നാൽ ദൈവത്തിന്നുപകാരമാകത്തക്കവണ്ണം വല്ലതും ചെയ്വാൻ മനുഷ്യന്നു കഴിയുമോ? ഒരുനാളും കഴിയുന്നതല്ല. ഒരു രാജാവിനു തന്റെ രാജ്യത്തെ നല്ലവണ്ണം ഭരിക്കാം. എന്നാൽ ദൈവത്തിനു അവനെ കൂടാതെ അതു ചെയ്വാൻ കഴിയും. ഉപകാരമില്ലാത്തതായ ഒരു കാട്ടു വെട്ടിത്തെളിച്ചു ഉപകാരമുള്ളതായ ധാന്യം വിതെപ്പാൻ ഒരു മനുഷ്യന്നു കഴിയും എന്നാൽ വിളവുണ്ടാക്കി തരുന്നതു സൃഷ്ടികൎത്താവു തന്നേ ആകുന്നു. ഗുണപ്രവൃത്തികൾ ചെയ്യുന്നതിനു വേണ്ട സാഹസം ഒരു മനുഷ്യന്നു കഴിക്കാം എന്നാൽ ദിവ്യമഹത്വത്തോടു ഒരു ലേശം പോലും കൂട്ടുവാൻ അവന്നു കഴിയുന്നതല്ല. അവന്റെ ഗുണപ്രവൃത്തികളിലേക്കും വിശേഷപ്പെട്ടതു തന്നേ അത്യന്തംകുറവുള്ളതാകുന്നു.

പിന്നെയും മനുഷ്യൻ ചെയ്വാൻ കടംപ്പെട്ടിട്ടില്ലാത്ത ഒരു നന്മയുമില്ല. അവൻ ദൈവത്തിന്റെ പുത്രനാകുന്നു. ശുദ്ധിയുള്ളവനായിരിപ്പാനും ദൈവത്തെ തന്റെ പൂൎണ്ണഹൃദയത്തോടും അയല്ക്കാരനെ തന്നെപ്പോലെ തന്നെയും സ്നേഹിപ്പാനും നീതിയും സത്യവും നേരുമുള്ളവനായിരിപ്പാനും പരോപകാരിയും അദ്ധ്വാനപ്രിയനും ധാൎമ്മികനുമായിരിപ്പാനും ദൈവം അവനോടു കല്പിച്ചുമിരിക്കുന്നു. ദിവ്യ കല്പനപ്രകാരം ഇവ ഒക്കയും അവന്റെ മുറയാകകൊണ്ടു ഇവ അശേഷവും ചെയ്വാൻ അവൻ കടംപെട്ടുമിരിക്കുന്നു. ദൈവം കല്പിച്ചിട്ടുള്ളതിനെക്കാളധികം ശുദ്ധിയുള്ളവനൊ നേരസ്ഥനൊ പരോപകാരിയൊ ധാൎമ്മികനൊ ആയിരിപ്പാൻ മനുഷ്യന്നു കഴിയുന്നതുമല്ല. അവന്നു തന്റെ മുറയിലധികം ചെയ്വാൻ പാടില്ല എന്നല്ല ദൈവത്തിന്റെ മുൻപാകെ തന്റെ മുറ മുഴുവൻ ചെയ്യുന്ന ഒരു മനുഷ്യനുമില്ലാ എന്നു നാം അറിയുന്നു. ഇങ്ങിനെ യാതൊരു പുണ്യപ്രവൃത്തിയും മനുഷ്യന്റെ മുറയിൽ കവിഞ്ഞുപോകാതെയിരിക്കുമ്പോൾ ദൈവത്തിന്റെ പക്കൽനിന്നു വല്ലതും ലഭിപ്പാൻ മനുഷ്യനെ യോഗ്യനാക്കി തീൎക്കുന്ന ആ സ്വമേധപ്രകാരമുള്ള പുണ്യപ്രവൃത്തി എന്താകുന്നു?

കടശിക്ക. തന്റെ തനതു വകയായിട്ടു വല്ലതും ദൈ

വത്തിന്നുകൊടുപ്പാൻ മനുഷ്യന്നു കഴിയുമൊ? കഴികയില്ല. അവനുള്ളതൊക്കയും ദൈവത്തിന്റെ ആകുന്നു. അവൻ ദരിദ്രക്കാൎക്കു പണം കൊടുക്കുന്നുണ്ടായിരിക്കും എന്നാൽ ആ പണം ദൈവം അവന്നു വായിപ്പകൊടുത്തിരിക്കുന്നു എന്നല്ലാതെ അവന്റെ തനതു എന്നു പറഞ്ഞുകൂടാ. അവൻ ദൈവത്തിന്റെ സ്വഭാവത്തെ കുറിച്ചു ധ്യാനിക്കുന്നതിൽ തന്റെ സമയം കഴിക്കുന്നുണ്ടായിരിക്കും. എന്നാൽ ആ സമയം അവന്റെ തനതല്ല. അവന്റെ കാലം മുഴുവനും അവന്നു കൊടുത്തിരിക്കുന്നതു ദൈവം അത്രെ. അവന്റെ ആയുസ്സ എത്രത്തോളം ദീൎഘമുള്ളു എന്നു അവൻ അറിയുന്നതുമില്ല. മനുഷ്യൻ ദൈവത്തിന്റെ സൃഷ്ടിയും അവനുള്ളതൊക്കയും ദൈവത്തിന്റെ വകയുമാകുന്നു. അതിനാൽ ദൈവത്തിന്റെ കൃപയെ വിലയ്ക്കു വാങ്ങുന്നതിന്നു അവന്നു ഒന്നുമില്ല. ഒരു ആൾക്കു മറെറാരുത്തനിൽനിന്നു വല്ലതും ലഭിപ്പാൻ തക്ക യോഗ്യത ഉണ്ടാകെണമെങ്കിൽ അവൻ മററവന്നു ഉപയോഗപ്പെടുന്ന വല്ല വേല ചെയ്കയൊ അവൻ ചെയ്വാൻ കടംപെട്ടിട്ടില്ലാത്തതു വല്ലതും പ്രവൃത്തിക്കയൊ അല്ലെങ്കിൽ സാക്ഷാൽ തന്റെ തനതും മററവന്റേതു അല്ലാത്തതുമായ വല്ല വസ്തുവും ദാനം ചെയ്കയൊ വേണം. എന്നാൽ ഈ മൂന്നു പ്രകാരത്തിലും മനുഷ്യന്നു തന്റെ സ്രഷ്ടാവിൽനിന്നു വല്ലതും ലഭിപ്പാൻ യോഗ്യനായി തീരുകയൊ വല്ലതും നേടുകയൊ ചെയ്വാൻ കഴിയുന്നതല്ലെന്നു നാം കണ്ടറിഞ്ഞിരിക്കുന്നുവെല്ലൊ. ദൈവത്തിന്റെ മുൻപാകെ മനുഷ്യന്നു തന്റെ മുറയിലധികം ചെയ്വാൻ കഴിയുന്നതല്ല. സൃഷ്ടിപ്പു മുഖാന്തരം തന്നെ സകല സൃഷ്ടിയിന്മെലും ചുമത്തപ്പെട്ടിരിക്കുന്ന ഈ മുറയിൽ ഓരോ സൃഷ്ടിയുടെ സമയവും ശക്തിയും വസ്തുവകയും ആകപ്പാടെ സൃഷ്ടികൎത്താവിന്നായിട്ടു പ്രതിഷ്ഠിക്കപ്പെടെണമെന്നുള്ളതും അടങ്ങിയിരിക്കുന്നു. ദൈവദൂതന്മാരിൽ പ്രധാനി തന്നെയും ദൈവത്തിന്നു കാഴ്ച വെക്കുന്നതു സമ്പത്താകട്ടെ സ്നെഹമാകട്ടെ അറിവാകട്ടെ അദ്ധ്വാനമാകട്ടെ എന്തായാലും അതു മുൻപെ തന്നെ ദൈവത്തിനുള്ളതാകുന്നു. യാതൊരു പ്രവൃത്തികൊണ്ടെങ്കിലും പുണ്യം പ്രാപിക്കാം എന്നുള്ള ഈ വിചാരം സ്വൎഗ്ഗത്തിൽ അത്യുന്നതനായ രാജാവിന്നു നേരെ ഒരു സ്വാമിദ്രോഹം എന്നു വിചാരിക്കപ്പെടും എന്നു നമുക്കു നിശ്ചയിക്കാം. ദൈവദൂതന്മാൎക്കു ഈ വിചാര

മുണ്ടായാൽ ഇപ്രകാരം വിചാരിക്കപ്പെട്ടുമെങ്കിൽ മനുഷ്യ ക്കുണ്ടായാൽ എത്ര അധികമായി വിചാരിക്കപ്പെട്ടും?

ഹാ! ദൈവത്തിൽനിന്നു വല്ലതും ലഭിക്കുന്നതിനു അവകാശം പറയാം എന്നു വിചാരിക്കുന്നവൻ എവിടെ? അനുതാപത്താൽ പാപമൊചനം നേടികൊള്ളാമെന്നു വിചാരിക്കുന്നവർ പലർ ഉണ്ടെന്നു നാം കാണുന്നു എന്നാൽ ദുഃഖിക്കുന്ന ആ ഹൃദയം മുമ്പെ തന്നെ ദൈവത്തിന്റെ വക അല്ലയോ? എന്നു തന്നെയുമല്ല സത്യാനുതാപം ഹൃദയത്തിൽ ദൈവത്തിന്റെ ശബ്ദം തന്നെ അല്ലയോ? വിശ്വാസം മുഖാന്തരം മൊക്ഷത്തിന്നു യോഗ്യന്മാരാകാമെന്നു ചിലർ വിചാരിക്കുന്നു എന്നാൽ വിശ്വാസം ദൈവത്തിൽനിന്നു നമുക്കു കിട്ടിയിരിക്കുന്ന അറിവും ഉത്സാഹവും ദൈവത്തിനു തന്നെ കൊടുക്കയല്ലയോ? നല്ല പ്രവൃത്തികൾ മുഖാന്തരം രക്ഷയെ സമ്പാദിക്കാമെന്നു മറ്റു ചിലർ വിചാരിക്കുന്നു. എന്നാൽ നല്ല പ്രവൃത്തികളിൽ എന്തൊരു പുണ്യമുള്ളു? എന്തെന്നാൽ "വെള്ളിയും പൊന്നും എനിക്കുള്ളതാകുന്നു" എന്നു ദൈവം അരുളിചെയ്യുന്നു ദൈവം നമുക്കു നല്കിയിരിക്കുന്നവരങ്ങളെ ഉപകരിക്കുന്നതിനാൽ പുണ്യം വരുത്തുവാൻ കഴിയുമോ? നമ്മുടെ സമ്പത്തു മുഴുവനും അഗതികൾക്കായിട്ടു ദാനം ചെയ്യാം എന്നാൽ അതു മുഴുവനും ദൈവത്തിന്നുള്ളതാകുന്നു നമ്മുടെ ആയുസ്സുമുഴുവനും മറ്റുള്ളവരുടെ ഉപകാരത്തിന്നായിട്ടു ചിലവിടാം. എന്നാൽ അതിൽ ഓരോനാഴിക കൎത്താവിന്നുള്ളതാകുന്നു. ഇങ്ങിനെ ആകുന്നു എങ്കിൽ മനുഷ്യർ തങ്ങളുടെ രക്ഷയെ പുണ്യം മുഖാന്തരം പ്രാപിക്കുന്നതു എങ്ങിനെ? അതു വിലയ്ക്കു വാങ്ങുന്നതിനു അവരുടെ പക്കൽ യാതൊന്നുമില്ല. അതുകൊണ്ടു അവൎക്കു തങ്ങളെ തന്നെ അതിനു പാത്രവാന്മാരാക്കി തീൎപ്പാൻ വഹിയാ.

ദൈവത്തിനു മാത്രമേ ഇപ്രകാരമുള്ള പുണ്യമുണ്ടാവാൻ കഴിവു അതുകൊണ്ടു ദൈവത്തിനു മാത്രമേ മനുഷ്യജാതിയെ വീണ്ടെടുക്കാവു. അതുകൊണ്ടു ത്രിത്വത്തിൽ രണ്ടാമനായി യഹൊവായായ യേശു മനുഷ്യസ്വഭാവം എടുത്തു ആ സ്വഭാവത്തിൽ പൂൎണ്ണ ശുദ്ധിയോടും സ്നേഹത്തോടും കൂടെ ഭൂമിയിൽ വാസം ചെയ്തു. മരണം പാപത്താൽ ഉണ്ടായ ശാപം ആകകൊണ്ടു ആ സ്വഭാവത്തിൽ തന്നെ, താൻ കഷ്ടപ്പെട്ടു മരണത്തെ സഹിച്ചു.

അലോഹഭൂതങ്ങൾ

അമ്ലകരവാഹ്നം } ഇവ അന്തരീക്ഷത്തിൽ കണ്ടെത്തപ്പെടുന്ന വാഹ്നങ്ങൾ
യവക്ഷാരവാഹ്നം }
ജലജവാഹ്നം, ഹരിതവാഹ്നം, അംഗാരം· ഗന്ധകം, പ്രകാശദം, മുതലായവ.

ലോഹങ്ങൾ.

അമ്ലകരവാഹ്നത്തോടു കൂടെ ചേൎന്നിട്ടു കാരം ഉത്ഭവിപ്പിക്കുന്ന ലോഹമായ പൊററാസിയം;

സോഡാ ഉത്ഭവിപ്പിക്കുന്ന ലോഹമായ സോഡിയം;

ചുണ്ണാമ്പു ഉത്ഭവിപ്പിക്കുന്ന ലോഹമായ കാത്സിയം;

മഗ്നെഷിയാ ഉത്ഭവിപ്പിക്കുന്ന ലോഹമായ മഗ്നെഷിയം;

ഇരിമ്പു, ചെമ്പു, നാകം, ത്രപു, ഠരംയം, മങ്ങാനീസ, പാഷാണം, ക്രോമിയം, രസം, വെള്ളി, പൊന്ന, പ്ലാററിനം മുതലായവ.

൯. ഒററ വസ്തുവൊ ഭൂതമൊ എന്ന കാഴ്ചക്കാൎക്ക തോന്നുന്ന പല വസ്തുക്കളും സാക്ഷാൽ ഭൂതങ്ങളുടെ യോഗങ്ങളാൽ ഉണ്ടാകുന്നവ തന്നെ. അപ്രകാരം വെള്ളം എന്ന വസ്തു അമ്ലകരവാഹ്നവും ജലജവാഹ്നവും കൂടി ചേൎന്നിട്ടുണ്ടാകുന്നതാകകൊണ്ടു അത ഒരു ഭൂതയോഗനിൎമ്മിതമായ കൂട്ടുവസ്തു തന്നെ. വായു പ്രത്യേകമായിട്ടു അമ്ലകര വാഹ്നവും യവക്ഷാരവാഹ്നവും കൂടി ചേൎന്നിട്ടുണ്ടാകുന്നതാകുന്നു. ഉപ്പു ഹരിതവാഹ്നവും സോഡിയമും കൂടി ചേൎന്നിട്ടു ഉത്ഭവിക്കുന്ന ഒരു കൂട്ടുവസ്തുവാകുന്നു.

ആകൎഷണ വിഭാഗങ്ങൾ

൧· വസ്തുക്കളുടെ പ്രത്യേകമുള്ള ലക്ഷണങ്ങളിൽ ഒന്ന ആകൎഷണമാകുന്നു. പലതരമായിട്ടുള്ള ആകൎഷണങ്ങൾ ഉണ്ടു·

൨· **ഘനാകൎഷണം**· ഒരു കല്ലെടുത്തു മേല്പോട്ടു എറിഞ്ഞാൽ താഴത്തെക്കു വീഴുന്നത ഭൂമി ആ കല്ലിനെ ആകൎഷിക്കുന്നതുകൊണ്ടാകുന്നു· സൌരനിബന്ധനത്തിലുള്ള ഗ്രഹങ്ങൾ എല്ലാം സൂൎയ്യൻ അവയെ ആകൎഷിക്കുന്നതിനാൽ അതിന്നു ചുററുമുള്ള അവയുടെ ഗതികളിൽ ക്രമക്കേട കൂടാതെ നടന്നുവരുന്നു. ഇത ഘനാകൎഷണമെന്ന പറയപ്പെടുന്നു.

൩· **കാന്താകൎഷണം**· ഇത കാന്തം ഇരിമ്പിനെ ആകൎഷിക്കുന്നതിൽ നാം നല്ലവണ്ണം കണ്ടു അറിഞ്ഞിട്ടുണ്ടു.

൪· **വിദ്യുതാകൎഷണം**· പരീക്ഷ· ഒരു നീളമുള്ള മെഴുതിരിയൊ ഒരു കാചക്കുഴലൊ തീരെ തണുപ്പു പിടിക്കാത്ത ഒരു പട്ടുലേശ്ശുകൊണ്ടു നല്ലവണ്ണം തിരുമ്മിയാൽ മെഴുതിരി കനം കുറെഞ്ഞ കടലാസുനുറുക്കുകളെ ആകൎഷിക്കും, ഇത വിദ്യുതാകൎഷണമെന്ന പറയപ്പെടുന്നു.

൫· **സംലഗ്നാകൎഷണം**· പരീക്ഷ· രണ്ടു ഠരംയ ഉണ്ട എടുത്ത രണ്ടിന്റെയും ഓരോരൊ ഭാഗം മിനുസം വരുത്തുക. മിനുസംവന്ന ഭാഗങ്ങൾ രണ്ടും കൂട്ടിപ്പിടിക്ക. പിന്നെ വൃത്താകാരമായിട്ടു അവ രണ്ടു കൂട്ടി ഉരെക്ക· അവരണ്ടും തമ്മിൽ പററിപ്പിടിക്കും.

൬. പരീക്ഷ· ലോഹംകൊണ്ടു ഉണ്ടാക്കി നന്നാ മിനുസം വരുത്തീട്ടുള്ള രണ്ടു താലങ്ങൾ ഒന്നിനു മീതെ ഒന്നു വെച്ചാൽ അവയെ വെവ്വേറെ എടുക്കുന്നതിന്ന അധികം ശക്തി കാണിക്കേണ്ടി വരുന്നു.

ഇങ്ങിനെയുള്ള പരീക്ഷകളാൽ സ്പഷ്ടമാക്കപ്പെട്ടിരിക്കുന്ന ശക്തിക്കു സംലഗ്നാകൎഷണം എന്ന പേർ പറഞ്ഞു വരുന്നു. ഠരം സംലഗ്നാകൎഷണംകൊണ്ടു ഉലോം ചെറുതായിരിക്കുന്ന അണുക്കൾ ഒന്നിച്ചു ചേൎന്നിട്ടു ഓരോരൊ വസ്തുക്കളായി തീരുന്നു. ചൂടു ഠരം സംലഗ്നാകൎഷണശക്തിയെ ക്രമപ്പെടുത്തുന്നപ്രകാരം വസ്തുക്കൾ കട്ടിയായും ജലമായും വാഹ്നാകൃതിയായുമിരിക്കുന്നു.

൮. കേശാകർഷണം. ഇത സംലഗ്നാകർഷണത്തിന്റെ ഒരു വക ഭേദമാകുന്നു.

൧ പരീക്ഷ. ഒരു ചെറിയ കാചകുഴലിന്റെ അററം വെള്ളത്തിൽ മുക്കുക. കുഴലിന്റെ ചെറിയ ദ്വാരത്തിന്നകത്ത വെള്ളം പൊങ്ങി ഇടങ്ങും.

൨ പരീക്ഷ. ഒരു ശർക്കരയുണ്ട രണ്ടു മൂന്നു തുള്ളിവെള്ളത്തിന്നു മീതെ വെക്കുക. ഉണ്ടയുടെ സൂക്ഷ്മമായ ദ്വാരങ്ങളിൽ കൂടെ വെള്ളം മേല്ലോട്ടു കേറും.

രസവാദികയാകർഷണമൊ ബാന്ധവമൊ.

൯. ഗന്ധകവും ഇരിമ്പും എത്ര നല്ലവണ്ണം കൂട്ടി ഛേദിക്കപ്പെട്ടിരുന്നാലും ആ രണ്ടു വസ്തുക്കളുടെയും അണുക്കൾ ഇടകലൎന്നു ചേരുവാൻ തക്കവണ്ണം അവയെ കൂട്ടി ചേൎക്കുന്നതിന്നു മാത്രമെ നമുക്കു കഴിയത്തുള്ളു. എന്നാൽ രസവാദപ്രയോഗത്താൽ ആ വസ്തുക്കളെ കൂട്ടിചേൎത്താൽ ഗന്ധകത്തിന്റെ എങ്കിലും ഇരിമ്പിന്റെ എങ്കിലും സാദൃശ്യമായിട്ട ഒരു ലേശംപോലും ആ കൂട്ടുവസ്തുവിൽ കാണാതിരിക്കും. ചില സംഗതികളിൽ രസവാദബാന്ധവം മററ എല്ലാതരം ആകൎഷണങ്ങളിൽനിന്നും വ്യത്യാസപ്പെട്ടിരിക്കുന്നു. വസ്തുവിന്റെ ഉല്പത്തികളാകുന്ന അണുക്കളെ അത സംഘടിപ്പിച്ച ഉറപ്പിച്ചു നിൎത്തുന്നതുകൊണ്ട അത സംലഗ്നാകൎഷണത്തിന്ന തുല്യം എന്ന പറയാം. എന്നാൽ സംലഗ്നാകൎഷണം ഒരു തരമായ അണുക്കളെ സംഘടിപ്പിച്ച നിലനിൎത്തുമ്പോൾ രസവാദബാന്ധവം എന്നത പല തരമായിട്ടുള്ള വസ്തുക്കളുടെ അണുക്കളെ സംഘടിപ്പിച്ച നിലനിൎത്തുന്നു. എന്നാൽ സംലഗ്നാകൎഷണം ഒരു വസ്തുവിന്റെ ഗുണങ്ങൾക്ക ഒരു ഭേദഗതിയും വരുത്താതിരിക്കുമ്പോൾ രസവാദബാന്ധവം, യാതൊരു വസ്തുക്കളുടെ സമ്മിശ്രംകൊണ്ട ഒരു കൂട്ടുവസ്തു ഉണ്ടായൊ ആ കൂട്ടുവസ്തുവിനെ മേല്പറഞ്ഞ വസ്തുക്കളുടെ ഗുണത്തിലും നിറത്തിലും പുറമെയുള്ള കാഴ്ചയിലുംനിന്ന തുലോം വളരെ വ്യത്യാസമുള്ളതായിട്ട ആക്കുന്നു. രസവാദപ്രയോഗത്തിൽ വസ്തുക്കൾക്ക വരുന്ന മാററങ്ങൾ ഒക്കെയും ബാന്ധവത്താലൊ രസവാദാകൎഷണത്താലൊ ഉണ്ടാകുന്നവയാകുന്നു. രസവാദപ്രയോഗത്തിന്റെ സിദ്ധി അണുക്കളെ സംഘടിപ്പിക്കുന്നതിനാലുണ്ടാകുന്ന അണുയോഗവും അവയെ വെവ്വേറായി പിരിക്കുന്നതിനാലുള്ള അണുവിയോഗലയവുമാകുന്നു.

പലമാതിരിയായിട്ടുള്ള വസ്തുക്കളുടെ അണുക്കൾ ഒന്നിച്ച ചേൎന്നിട്ട ഒരു പുതിയ വസ്തുവാകുന്നതിന്ന അണുയോഗം എന്നപേർ

പലമാതിരി വസ്തുകൊണ്ട ഉണ്ടാക്കപ്പെട്ടിരിക്കുന്ന ഒരു കൂട്ടുവസ്തു ... അതാതിന്റെ അണുക്കളായി അഴിക്കുന്ന വേലെക്ക അണുവിയോഗലയം ... പറഞ്ഞു വരുന്നു.

പരീക്ഷകൾ.

൧. ഒരു കാചപാത്രത്തിൽ കുറെ വെള്ളം എടുത്ത അതിൽ അസ്സാരം എണ്ണ ഒഴിക്കുക. എണ്ണ വെള്ളത്തോട ചേരാതെ മേലെ പൊങ്ങിക്കിടക്കും. അതുകൊണ്ട വെള്ളത്തിന്ന എണ്ണയോട ബാന്ധവമില്ല.

൨. അതിനോട കൂടെ അമ്മോനിയാ കൂട്ടി ആ കൂട്ടിനെ ഒരു കാചകോൽ കൊണ്ട ഇളക്കുക. എണ്ണയും അമ്മോനിയായും തമ്മിൽ ചേൎന്ന ചവല്ക്കാര ഭാവമായ ഒരു കുഴമ്പുണ്ടാകും. അതുകൊണ്ട എണ്ണയും അമ്മോനിയായും തമ്മിൽ ബാന്ധവമുണ്ട. ഇത വസ്തുക്കൾ തമ്മിൽ തനിയെ ലളിതമായി ചേരുന്നു എന്നുള്ളതിന്റെ ഉദാഹരണമാകുന്നു.

൩. മേല്പറഞ്ഞ ചവല്ക്കാര ഭാവമായ കൂട്ടിനോട കൂടെ രണ്ടു മൂന്നു തുള്ളി ഗന്ധകാമ്ലം ഒഴിക്കുക. അപ്പോൾ അമ്മോനിയായിക്കു ഗന്ധകാമ്ലത്തോട എണ്ണയോടുള്ളതിൽ അധികം ബാന്ധവം ഉണ്ടാകകൊണ്ട അത എണ്ണയെ വെടിഞ്ഞ അമ്ലത്തോട ചേൎന്ന അമ്മോനിയാഗന്ധകതം എന്ന പേരായ ഒരു കൂട്ടു വസ്തു ഉണ്ടാകും. അപ്പോൾ എണ്ണ മേല്പറഞ്ഞ പ്രയോഗത്തിൽനിന്ന വിമുക്തപ്പെട്ട പിന്നെയും മുകളിൽ പൊങ്ങിക്കിടക്കും. ഇത ഭൂതയോഗത്തിന്റെയും ഭൂതവിയോഗലയത്തിന്റെയും സൂക്ഷ്മമായ ഉദാഹരണം.

൯. ഒരു കാചപാത്രംവെള്ളത്തിൽ കുറെ വങ്കശൎക്കര ദ്രവിപ്പിച്ച അതിനോട കൂടെ അല്പം ഗന്ധകാമ്ലം ഒഴിക്ക. അപ്പോൾ ഗന്ധകാമ്ലത്തിന്റെയും ശൎക്കരയുടെ ... സിന്റെയും ബാന്ധവത്താൽ ഉണ്ടായ ഒരു വെള്ളക്കൂട്ടവസ്തു പാത്രത്തിന്റെ അടിക്ക അടിയും.

൰. വങ്കശൎക്കരയുടെ ദ്രാവകത്തോടെ കൂടെ രണ്ടു മൂന്നു തുള്ളി സോഡ്ധഃഗന്ധകതപം എന്നതിന്റെ ദ്രാവകവും ഒഴിക്ക. മുമ്പിലത്തെ പരീക്ഷയിൽ കണ്ടതു പോലെ വങ്കഗന്ധകതപം അടിയിൽ അടിക്കയും സോഡ്ധാമ്ലതപം പിന്നെയും ദ്രാവകാവസ്ഥയിൽ ഇരിക്കയും ചെയ്യും. ഇതു വസ്തുക്കളുടെ പരസ്പര മാററത്തിന്റെ ഒരു ഉദാഹരണം

൰൧. ഭൂതയോഗങ്ങളും ഭൂതവിയോഗങ്ങളും എല്ലായ്പോഴും സ്വാഭാവിക വസ്തുക്കളിലും സൃഷ്ടകൃത വസ്തുക്കളിലും നടന്നു വരുന്നു. ഒരു കഷണം കല്ലണ്ണാമ്പ തീയിൽ പിടിച്ചു അതു ചുവപ്പാൻ തക്കവണ്ണം ചൂട പിടിപ്പിച്ചാൽ അംഗാരാമ്ലവായു എന്ന പേരായ ഒരു വസ്തു അതിൽനിന്ന പോകുന്നു. പിന്നെ കല്ലണ്ണാമ്പിൽ ശേഷിപ്പുള്ളത കമ്മായം മാത്രം ആകുന്നു. കരിക്കട്ട എരിഞ്ഞുപോകുമ്പോൾ വായുവിലുള്ള അമ്ലകരവായുവും അംഗാരത്തോട ചേൎന്നിട്ട അംഗാരാമ്ലവായുവും ഉണ്ടാകുന്നു. അതവായുവിൽ ചേൎന്ന പിന്നെ കാണ്മാനില്ലാതെയായി തീരുന്നു. എന്നാൽ ഇതുകൊണ്ടു ലോകത്തിൽ അതിന്ന വസ്തുവിനാശം വരുന്നില്ല. എന്തെന്നാൽ വസ്തുക്കളുടെ ദ്രവ്യസ്വരൂപത്തിന്ന മാററം വരുന്നതല്ലാതെ ആ വസ്തുക്കൾ തന്നെ ഇല്ലാതെയാകുന്നില്ല. കുറെ ശൎക്കര വെള്ളത്തിൽ ദ്രവിപ്പിച്ചാൽ പിന്നിട ശൎക്കരയായിട്ട അതിനെ കാണ്മാൻ വഹിയാ എങ്കിലും ആ വസ്തുവിന്നവിനാശം വന്നിട്ടില്ലല്ലൊ. അത വെള്ളത്തോട കൂടെ ചേൎന്നിട്ട ശൎക്കര ദ്രാവമായിരിക്കുന്നു. ഇപ്രകാരം തന്നെ നമ്മുടെ ചുററും വസ്തുക്കൾ അവയുടെ രൂപത്തെ മാററം ഓരോ വഴിയിൽ മാറുന്നത നമുക്ക സാക്ഷിപ്പെടുത്താം.

(ശേഷം പിന്നാലെ)

INDIA IN THE VEDIC ERA.

PAPER III.

In pursuing our investigation of the early history of the Arya race, let us now consult the Rig-Veda, the most ancient of Hindu writings. And first we shall find that while the authors of the hymns of the Rig-Veda name their own people ARYYA, another class of people are called DASYU, and sometimes Rakshas, who, there can be little doubt, were already in India before the arrival of the Aryans, and were different in colour, language, and customs from the writers of the Vedic hymns. For instance such passages, as the following occur,

സജാതൂഭൎമ്മാശ്രദ്ദധാനഓജഃപുരോവിഭിന്ദന്നചരൽവിദാസീഃ।
വിദ്വാൻവജ്രിൻദസ്യവേഹേതിമസ്യാൎയ്യംസഹോവൎദ്ധയാദ്യുമ്നമിന്ദ്ര॥

"Armed with the lightning, and trusting in his strength, he (i. e. Indra) moved about, shattering the cities of the Dasyus. Indra, the thunderer, who art wise, hurl thy shaft against the Dasyu, and increase the might and glory of the Aryya."

ദാസാഃചവൃത്രാഹതമാൎയ്യാണിചസുദാസമിന്ദ്രാവരുണാവസാവതം॥

"Slay both the Dasa enemies, and the Aryya; protect Sudas with your succour, O Indra and Waruna."

In many similar passages the names ***Aryya,*** and ***Dasyu*** are mentioned together, showing that both words are used as referring to tribes of *men.* The word Dasyu does indeed often mean ***demons***; but it is evident from such passages as the above, that it is as often used to denote a race of human beings. In the Mahabharatha we read of the same people as inhabiting the mountains (ദസ്യൂൻപൎവ്വതവാസിനഃ). In the same Poem we read of a brahmin who lived in a village of Dasyus, of whom another brahmin asks, 'How is it that thou hast sunk into the condition of a Dasyu?' The colour or caste of the Dasyu is also mentioned in the Rig-Veda, (യോദാസംവൎണ്ണമധരംഗുഹാകഃ, "He who swept away the base Dasa colour, or caste"). The word വൎണ്ണം appears to have derived its common meaning of *caste,* from its original use in distinguishing between the fair *colour* of the Aryans and that of the more swarthy aborigines of the country. In other passages the Dasyus are called "observers of different rites," and are said to be "without sacrifices," and to "disregard the gods." Their cities are also spoken of in many passages, as in one above quoted.

ഇന്ദ്രാഗ്നീനവതിംപുരോദാസപത്നീരധൂനുതം।

സാകമേകേനകൎമ്മണാ

Indra and Agni, by one effort, have shattered ninety cities of the Dasyus." The wealth of the same people is also referred to in not a few passages in the Rig-Veda. Many passages from the Rig-Veda, of like import with the above, are quoted by Mr. Muir in his second Volume of "Sanscrit Texts:" and we cannot avoid the conclusion, that, though the term Dasyu may sometimes be used to indicate imaginary demons, yet in very many instances the allusion is to a race of men hostile to the Aryans, and despised by them on account of their black colour and primitive habits.

By a thoughtful study, then, the hymns of the Rig-Veda, the real contents of which so few Hindus of the present day are acquainted with, and which, because they are ignorant of them, they regard with such superstitious awe—such awe, that a well-read Waryar once told the writer of this paper, that if he read the Vedas he would lose his speech—but which are human compositions of very ordinary merit, addresses, chiefly, to Indra and Agni, and are only interesting on account of their great antiquity, and the picture they afford of Hindu life at a very early period,—these hymns are made to yield an historical fact of importance, which is, that as the Hindus invaded India, and advanced Eastwards from the Indus, they found a more primitive race, who continually impeded their progress. (A free translation of one of the Vedic hymns is

inserted at the end of this paper, as a specimen of their usual character).

Mr. Muir, whose investigation of this subject has been most thoroughly and carefully conducted, sums up his evidence from the Rig-Veda as follows:—"We may conceive the Aryas advancing from the Indus in a south-easterly direction into a country probably covered with forest, and occupied by savage tribes, who lived in rude huts, and subsisted on the spontaneous product of the woods, or on the produce of the chase, and of fishing; or perhaps by some rude attempts at agriculture. These barbarians were of dark complexion, perhaps also of uncouth appearance, spoke a language fundamentally distinct from that of the Aryas, differed entirely from them in their religious worship, which no doubt would partake of the most degraded fetishism, and (we can easily suppose) regarded with intense hostility the more civilised invaders, who were gradually driving them from their ancient fastnesses. The Aryas, meanwhile, as they advanced, and gradually established themselves in the forests, fields, and villages of the aborigines, would not be able all at once to secure their position, but would be exposed to constant reprisals on the part of their enemies, who would "avail themselves of every opportunity to assail them, to carry off their cattle, disturb their rites, and impede their progress." The black complexion, ferocious aspect, barbarous habits, rude speech, and savage yells of the Dasyus, and the sudden and furtive attacks which, under cover of the impenetrable woods, and the obscurity of night, they would make on the encampments of the Aryas, might naturally lead the latter to speak of them, in the highly figurative language of an imaginative people in the first stage of civilisation, as ghosts or demons; or even to conceive of their hidden assailants as possessed of magical and superhuman powers, or as headed by devils. The belief in ghosts is not obsolete (as every one knows) even in modern times and among Christian nations. In the case of nocturnal attacks, the return of day would admonish the assailants to withdraw, and would restore the bewildered and harrassed Aryas to security; and, therefore, the rising of the sun in the east would be spoken of as it is in one of the Bràhmanas, as driving away or destroying the devils. In a similar way the author of the Rámāyana, speaks" (as we have already seen) "of the barbarian tribes encountered by Rāma in the Dekhan as Rakshasas and monkeys. This state of things might last for some time. The Aryas, after advancing some way, might halt, to occupy, to clear, and to cultivate the territory they had acquired, and the aborigines might continue in possession of the adjacent tracts, sometimes at peace, and sometimes at war with their invaders. At length the further advance of the Aryas would

either drive the Dasyus into the remotest corners of the country, or lead to their partial incorporation with the conquerors as the lowest grade in their community."

But the question will arise, how do we know that, as Mr. Muir says, these Aryans advanced in a south-eastern direction from the Indus? The writers of the Vedic hymns appear, from their silence, to have been ignorant of the regions of the South. Although, for instance, the Himalayas are mentioned in the Vedas, there is no allusion whatever to the Vindhyas. The Ganges again is barely mentioned; and so far was it from being considered at that time the holiest of rivers, that it is the Sindhu (or Indus) that is most frequently celebrated in the hymns of the Veda. Another river shares equal honors with the Indus, the Sarasvati, a river to the east of the Punjab; and we have already mentioned, in a former paper, how in the Satapatha-brahmana the brahmins are described as first passing on beyond this river, and taking possession of uncultivated country. The rivers of the Punjab are also mentioned. It is evident then that the countries best known to the writers of the Vedic hymns were those bordering on the Indus, and the rivers of the Punjab. It is worthy of remark also here, that in the Mahabharata the region of *Kashmir* is celebrated as being "all-holy, and inhabited by great rishis."

There is one more link in our argument; Mr Muir observes that Yaska, the author of the Nirukta, refers to pure Sanscrit words used by the Kambojas, a people who lived *beyond the Indus* towards the North-West. Now the inference clearly deducible from this is, that in early times the Sanscrit language was spoken on the western side of the Indus, as well as on the eastern; a fact which speaks for itself, and shows that the Kambojas at least were orginally an Aryan tribe.

The evidence then of history, so far as it can be gathered from the Rig-Veda, the Ramayana, and other ancient writings, is that the Hindus, properly so called, namely, the Sanscrit-speaking Aryan race, have gradually spread over India from the districts bordering on the Indus: for we have traced their history back, finding first that there is good evidence that the Sanscrit-speaking tribes at one time began to spread over South India generally from the north of the Vindhya mountains, and that they found, and conquered, other tribes of more barbarous manners than themselves, who were already settled in the country, and who spoke languages fundamentally different from the Sanscrit. We have found also that in the Vedic Era, that is in times more remote still, the Aryan race had no knowledge whatever, so far as we can find, of the country south of the Vindhyas; that in fact they appear not to have reached even so far south as that chain

of mountains; that the Ganges seems to have been but little known to them; that they were most familiar with the Indus, its tributaries, and the Sarasvati; that as they advanced eastwards, they were harassed by an uncouth people, often mentioned in the Rig-Veda as *Dasyus*, who, like the Rakshasas in the Ramayana, were no doubt an aboriginal race already in possession of the soil; and lastly, that we have an account of a race speaking the Sanscrit language, in very early times, in a district to the north-east beyond the Indus. Whatever be the remoter origin of the Hindus then, we have evidence from their own literature, that they have gradually spread over Hindustan from the districts bordering on the Indus, and have been everywhere met by pre-occupiers of the country, the remains of whom, no doubt, are still to be found in the various hill-tribes, the low castes as at present existing, and the mass of the Dravidians.

While however by means of the more ancient Sanscrit writings we can trace, with unerring accuracy, the "foot-prints on the sands of time" of the march of the Aryan race east and south from the banks of the Indus, we can scarcely find any clue to their earlier history from the same source; unless indeed it be thought that we have a hint of a more northern origin from the mention in the Rig-Veda of winter and autumn. Now at this point it is that the evidence of *language* meets us. We have already seen, in a former paper on the subject (p. p. 89—95), that the Sanscrit belongs to the same family of languages as Zend, Greek, and Latin, and especially that it has a very intimate relationship with Zend. The fact is that the likeness between Zend and Sanscrit is very strong; and it is indisputable, as before stated, that the fathers of the nations who spoke these languages had a common origin; while the closer affinity of the Zend to the Sanscrit would seem to indicate that the Hindus and the Bactrians separated from each other at a later date, than the separation from them of the fathers of the Latin and Greek nations. We must naturally look therefore for some region whence these nations originally migrated. Are we to look for that region in North-western India? We have traced the Hindus back there through means of their own literature. Now this supposition is beset by many difficulties, not the least of which is the improbability that first the Greek colony, then the Latin colony, and lastly the Bactrian colony, should successively migrate westward, when such a noble country lay to the east. Such is indeed possible: but it appears much more natural to look for a more central region as the focus of migration. That the first Aryan colony entered India from the west is rendered probable by the fact that many other conquerors have entered by the same route. The Dravidians, whom the Aryans found already settled in

Central and South India, are shewn with good evidence to have crossed the Indus; Semiramis, Alexander the Great, Seleucus, Mahmud of Gazni, the Afghans, the Moguls, the Persians under Nadir Shah, all entered India from the north-west. It would appear then at least probable that the Aryans entered also from the west. This derives additional probability from the consideration that if this were the case we should find them settling at first in the very districts, in which in fact we do find them according to their own literature, namely, by the Indus, and in the Punjab. Moreover in the Vedic Era, as we have seen, the Aryans were gradually progressing eastwards from the Indus, as at a later time they spread towards the south, in both cases being opposed by hostile tribes already claiming the country. So that every thing indicates that the Aryans were *invaders*.

Every probability therefore would seem to favour the idea that the early Hindus were a colony from some country to the North West of Hindustan. And when we look at not only the relation between Zend, or ancient Bactrian, and Sanscrit, but at the similarities which existed between the religions and mythologies of the ancient Bactrians and Hindus, we can scarcely forego the conviction that Bactria itself, or some not very remote district in Central Asia, was their common birth-place. Neither must we forget that *all* the Indo-Germanic nations must have originally migrated from the same district, wherever it was; and that it is much more conceivable that it was in Central Asia, whence one clan would migrate East, another South, another West, than in North India, whence all, except the Hindus, must have travelled towards the North-West. And last, but not least, we may remember that the Inspired Writings tell us, that, after the flood, the family of Noah lived and increased in Central Asia; so that when the most ancient nations can trace their remote origin to that part of the world, it is but what we might expect.

HYMN TO INDRA AND AGNI,

by Medhatithi.

(From the Rig-Veda.)

Indra and Agni, to our sacred rites,
Desirous of their praise, I hither call;
Chief drinkers of our Soma-juice are they.
Them celebrate in sacrifice, O friends;
Indra and Agni glorify, and laud
In song. Them to the friendly hymn we call

Indra and Agni, whom the Soma-juice
Delights, of this libation to partake.
Our gods so terrible we hither call
To this libation now prepared; Indra
And Agni, hither come. Ye mighty ones,
Guardians of our assemblies, still subdue
And render harmless all the Rakshasas;
And to the Cannibals no offspring give.
Be watchful to approach our sacrifice;
Indra and Agni, bless and guard our homes.

PRAYER.

Prayer may not come to God's high throne
Save from a soul full-bent,
They pray amiss who say their prayers
Without sincere intent.

Those only will receive, who *ask*;
And asking, verily,
Betokens a *felt need* of gifts:
It is the beggar's plea.

Those only find, who *seek*; and this
Means zeal and patience both;
A treasure-seeker will not yield
Himself to fear and sloth.

To those who *knock*, the door unfolds;
But entrance is denied
To such as, careless yet, or proud,
Stand listlessly outside.

Ask, ***seek***, and ***knock***; for such is prayer,
As Jesus once did teach,
The prayer which God our Father loves,
The prayer which heaven will reach.

W. S. S.

നാനാർത്ഥം

വർത്തമാനങ്ങൾ

അമെരിക്കയിൽ വളരെ നാളായ യുദ്ധം ഇപ്പോൾ അവസാനിക്കാറായി എന്ന തോന്നുന്നു. തെക്കേഭാഗത്തിലുള്ള പടനായകന്മാർ കീഴടങ്ങിവരുന്നു. അത്ലാന്തിക്കാ സമുദ്രത്തിന്നക്കരെ ഇനി ഏറെ താമസിയാതെ ഒരിക്കൽ കൂടെ സമാധാനം വാഴുമെന്നു ഞങ്ങൾ ആഗ്രഹിക്കുന്നു.

പ്രസിദന്തായിരുന്ന മേസ്തർ ലിങ്കോലൻ എന്ന ആളിനെ കള്ളിച്ചുകൂട്ടിയുംകൊണ്ടു കുലചെയ്ത സംഗതി വായനക്കാരിൽ ചിലർ മുമ്പെ തന്നെ കേട്ടിട്ടുണ്ടായിരിക്കുമെല്ലൊ. അതു ഈ യുദ്ധംകൊണ്ടു വന്നിരിക്കുന്ന വ്യസനസംഗതികളിൽ ഒന്നാകുന്നു. ഒരു രംഗസ്ഥലത്തു അനേകായിരം ആളുകൾ കൂടിയിരിക്കുമ്പോൾ ഒരു കുത്തികൊല്ലി പുറകിൽ കൂടെ വന്നു വെടിവെച്ചുകളഞ്ഞു എന്നാകുന്നു കേൾക്കുന്നതു. ദൈവം വാഗ്ദത്തം ചെയ്തിരിക്കുന്നപ്രകാരം മനുഷ്യർ ഒരിക്കലും യുദ്ധത്തെ അഭ്യസിക്കാതെ തങ്ങളുടെ വാളുകളെ കൊഴുവുകളായിട്ടും കുന്തങ്ങളെ വൃക്ഷങ്ങളെ കോതുന്നതിനുള്ള വെട്ടുകത്തികളായിട്ടും തീർക്കുന്ന കാലങ്ങൾ എത്ര മഹത്വമുള്ളതായിരിക്കും!

പ്രസിദന്തിനെ കൊന്നതു നഗരത്തിൽ ഫോഡ്ഡിന്റെ രംഗസ്ഥലത്തോടടുത്തു തന്നതു വകയായ ഒരു മുറിയിൽവെച്ചു ഏകദേശം ൧൦ മണി സമയമായപ്പോൾ ആയിരുന്നു. ആ മണിക്കു പ്രസിദന്തും മദാമ്മയും അവിടെ ചെന്നു വേറൊരു സായ്പും മദാമ്മയും കൂടെ അകത്തുണ്ടായിരുന്നു. ഏകദേശം ൧൦ മണിയായി കളിയുടെ ഒരു നിറുത്തു സമയത്തു ആ കുലപാതകൻ പ്രസിദന്തും മറ്റും ഇരുന്ന മുറിയുടെ വാതില്ക്കൽ കാവൽ ഇല്ലാഞ്ഞതിനാൽ തക്കം കൂടാതെ അകത്തു കേറി പ്രസിദന്തിന്റെ പുറകിൽ കൂടെ അടുത്തു ചെന്നു തലെക്കു നോക്കി ഒരു വെടികൊടുത്തു. ഉണ്ടയും തലയുടെ പുറകിൽകൊണ്ടു ഉള്ളെ കേറി. ഉടൻ തന്നെ ഈ കുലപാതകൻ ഒരു പിച്ചാങ്കത്തിയോ ചൊട്ടയൊ വീശിയുംകൊണ്ടു മുറിയിൽനിന്ന അരങ്ങത്തു ചാടി ക്രൂരന്മാർ എപ്പോഴും ഇങ്ങനെയാകുന്നു എന്നു പറഞ്ഞുംവെച്ചു പിന്നണിയിലേക്കു മാറിക്കളകയും ചെയ്തു. ഉണ്ട കൊണ്ട ഉടനെ പ്രസിദന്തു ബോധം കെട്ടു താഴെ വീണു ആ പടുതിയിൽ പിറ്റെ ദിവസം കാലത്തു ഏഴരകാൽ മണിവരെ കിടന്നു ചാകയും ചെയ്തു. ഈ കുല ചെയ്തവൻ കളിക്കാരിൽ ഒരുത്തനായി ബൂത്ത എന്നൊരാൾ ആയിരുന്നു. ഇതു ചെയ്താൽ യശസ്സുണ്ടാകുമെന്നു അവൻ ഭോഷത്വമായി വിചാരിച്ചു. എന്നാൽ ഈ കുലപാതകം ഉണ്ടായതു തെക്കേ ഭാഗക്കാരുടെ കൂട്ടുകെട്ടിൽനിന്നു വന്നതായിരിക്കുമെന്നും ഒട്ടുപേർ വിചാരിക്കുന്നു.

രംഗസ്ഥലത്തു ഈ കുലപാതകം ഉണ്ടായ സമയത്തു തന്നെ വേറൊരു കുലപാതകൻ മെസ്തർ സീവോഡ്ഡിന്റെ വീട്ടുവാതില്ക്കൽ ചെന്നു മെസ്തർ സീവോഡ്ഡിന്റെ പേക്ക ആയാമിന്റെ വൈദ്യൻ ഒരു കുറിപ്പടി തന്നയച്ചിരിക്കയാൽ അകത്തു കേറെണമെന്നു പറഞ്ഞുംകൊണ്ടു സീവോഡ്ഡു കിടക്കുന്ന മാളികയുടെ മൂന്നാമത്തെ തട്ടിന്മേലേക്കു പാഞ്ഞു ചെന്നപ്പോൾ ഫ്രെഡ്രിക്ക സീവോഡ്ഡു എന്നൊരാൾ അവിടെ നില്ക്കുന്നതു കണ്ടു അവന്റെ തലെക്കിട്ടടിച്ചു വളരെ മുറിപ്പെടുത്തിയതു കൂടാതെ തലയോട്ടി രണ്ടിടം തല്ലിയുടെച്ചു. അവൻ ചത്തുപോകുമെന്നു തോന്നുന്നു. പിന്നെ മുറിയിലേക്കു പാഞ്ഞു കേറി. സീവോഡ്ഡു അപ്പോൾ കട്ടിലിൽ കിടക്കയായിരുന്നു. അവന്റെ പെങ്ങൊച്ചും അതിനെ സൂക്ഷിക്കുന്നവനും കൂടെ ആ മുറിയിൽ ഉണ്ടായിരുന്നു. ഇവൻ ചെന്ന ചെലവിനു ആ ബാലിക്കാരന്റെ ചങ്കിൽ ഒരു കുത്തുകൊടുത്തു അവനും ചത്തുപോകും നിശ്ചയം. കടന്നു ഒരു പിച്ചാങ്കത്തികൊണ്ടോ ചൊട്ടകൊണ്ടോ സീവോഡ്ഡിന്റെ തൊണ്ടയും മുഖത്തും ഈരണ്ടു കുത്തുകുത്തി ഭയങ്കരമായ മുറിവുംപെട്ടു. അപ്പോഴത്തേക്ക മുറിപെട്ട സിക്രട്ടറിയായ സീവോഡ്ഡിന്റെ മൂത്ത മകനായ മേജ്ജർ സീവോഡ്ഡും വേറൊരു വേലക്കാരനും കൂടെ ഓടിവന്നു സിക്രട്ടറിയെ വിടുവിപ്പാൻ ശ്രമിച്ചു. ഇവൻ അവരെയും മുറിപ്പെടുത്തിയും വെച്ചു മണ്ടിക്കളക

യും ചെയ്യു. സിക്രട്ടറിയെ കുത്തിയതിൽവെച്ചു അവന്റെ ചെസ്റ്റരത്തൊഴിൽ ആകട്ടെ മറ്റു സാരമായ രക്തക്കുഴലുകൾ ആകട്ടെ ഒന്നും മുറിഞ്ഞില്ല. എന്നാൽ രക്തം ഏറെ അധികം പൊയതുകൊണ്ടു വളരെ നേരത്തേക്കു മോഹാലസ്യപ്പെട്ടു കിടന്നുപോയി അവൻ ഒരു വേഗ സൌഖ്യപ്പെട്ടുമായിരിക്കുമെന്നു തോന്നുന്നു.

പാപ്പാ. കഴിഞ്ഞലക്കത്തിൽ പാപ്പാ എല്ലാ ബിഷോപ്പന്മാൎക്കും ഒരു തിരുവെഴുത്തു കൊടുത്തയച്ചപ്രകാരം ഞങ്ങൾ പറഞ്ഞുവെല്ലൊ. ഇനി ഏറെ താമസിയാതെ പാപ്പാ റോമ്മായിൽനിന്നു പൊയ്ക്കൊള്ളുകെ പാടുള്ളു എന്നു അക്കപ്പാടെ എല്ലാവൎക്കും തോന്നിയിരിക്കകൊണ്ടു യൂറോപ്പിൽ പാപ്പായുടെ സംഗതി വിനോദമായിരിക്കുന്നു. അവന്റെ ചെറുപ്പത്തിലെ സംഗതിയെപ്പറ്റി ഞങ്ങൾ ഈയിടയിൽ വായിച്ചറിഞ്ഞ കാൎയ്യങ്ങൾ ചുരുക്കത്തിൽ പറയാം. പാപ്പാ നമ്മെ എല്ലാവരെയുംപോലെ തന്നേ രാഗാദികൾ ഉള്ള മനുഷ്യൻ ആകുന്നു. അവന്റെ മനസ്സിൽ ഇരുന്ന ആഗ്രഹം പാപ്പായായ ഗ്രെയോവാനിമാസ്റ്റൈ ആകെണമെന്നല്ല രാജ്യമക്കളോടു കൂടെ ഇരിക്കുന്ന ഗ്രെയോവാനിമാസ്റ്റൈ ആകെണമെന്നായിരുന്നു എന്നു തോന്നുന്നു. അവൻ റോമ്മാസഭെക്കു ഇപ്പോൾ ഒരു മേലധികാരിയായിട്ടിരിക്കുന്ന ഒരു വയസ്സൻ മാത്രം എന്നു വിചാരിച്ചുവരുന്നതല്ലാതെ അവന്റെ ബാല്യചരിത്രത്തെക്കുറിച്ചു നാം ഒന്നും വിചാരിക്കുന്നില്ല. പാപ്പായായ ഗ്രെയോവാനിമാസ്റ്റൈ ചെറുപ്പമായിരുന്നപ്പോൾ ബഹുസുന്ദരനും വസ്ത്രാലങ്കാരമോടികാരനും സ്നേഹം പിടിക്കുന്നതിനു നല്ല വശതയുള്ളവനും ആയിരുന്നു. അപ്പോഴത്തെ ആഗ്രഹം പട്ടക്കാരനാകെണമെന്നല്ല പടയാളിയാകെണമെന്നായിരുന്നു. അവൻ ഇങ്ങനെ മനസ്സുവെച്ചതു പ്രത്യേകം ഏകാകിയായിരിക്കെണമെല്ലൊ എന്നുള്ളതിനെ ഭയന്നായിരിക്കും എന്നു തോന്നുന്നു. എന്നാറെ അവന്റെ വിചാരം ഒന്നും സാധിച്ചില്ല. അവൻ ഒരു പെണ്ണിനെ കെട്ടെണമെന്നും കെട്ടാമെന്നും യഥാവിലെ ഉറെച്ചുകൊണ്ടിരുന്നു. എന്നാൽ ആ പെണ്ണിന്റെ ഉടയക്കാർ ഈ ബസ്ത്രാപോരായെന്നും ഇവനെക്കാൾ കൊള്ളാകുന്ന ഒരുത്തനെകൊണ്ടെ കല്യാണം കഴിപ്പിക്കും എന്നും പറഞ്ഞു പാപ്പായാകുവാനിരുന്ന ഇവനെ തള്ളിക്കളഞ്ഞു. ഈ സമയത്തു ഇവനു [illegible] വയസ്സുണ്ടായിരുന്നു. ഇങ്ങനത്തെ മനസ്സിടിവുകൾകൊണ്ടു നാം ചത്തുപോകയില്ല എന്നുവരികിലും ഇതിനു പിൻപുള്ള പ്രായത്തെക്കാൾ ഈ വയസ്സാകുന്നു നമ്മെ അധികം ഉപദ്രവിക്കുന്നതു. ഈ ചെറിയ മാസ്റ്റൈ ഇലോം [illegible] യിരുന്നു. ഒടുക്കം ഒരു സ്നേഹിതൻ അവനെ പിടിച്ചുപള്ളിയിൽകൊണ്ടു[illegible] സകല ലോകവ്യാകുലങ്ങളിൽനിന്നും ഒഴിഞ്ഞിരിപ്പാൻവേണ്ടി പട്ടം [illegible]ക്ക എന്നു പറഞ്ഞു. അവൻ അങ്ങനെ തന്നേ ചെയ്തു. അതിന്റെ ശേഷം [illegible] അവന്റെ ചരിത്രം അറിഞ്ഞിട്ടുമുണ്ടു.

പാപ്പാ റോമ്മായിൽ താമസിക്കുന്ന ഇതു പക്ഷെ അവസാന ആണ്ടായിരിക്കും. യൂറോപ്പിൽ എല്ലാടത്തും ഇങ്ങനെ തന്നേയാകുന്നു വിചാരിച്ചിരിക്കുന്നതു. പാപ്പായെ തന്റെ ജനങ്ങളുടെ കയ്യിൽനിന്നു തടുപ്പാനായിട്ടു റോമ്മായിൽനിന്നു ഇനി പട്ടാളത്തെ അനുവദിപ്പാൻ കഴിയുന്നതല്ല എന്നു പറയുന്നു. ഫ്രാൻസിൽനിന്നു അയച്ചിരിക്കുന്ന പട്ടാളത്തെ തിരികെ വിളിപ്പിപ്പാനും പോകുന്നു. ഒൻപതാം പയസ്സാകുന്ന പാപ്പാ സ്പെയിനിൽ പോയി സങ്കേതം പ്രാപിക്കുമൊ അതോ തന്റെ അനുസരണമില്ലാത്ത മക്കളുടെ സംരക്ഷണത്തെക്കാൾ പ്രൊട്ടെസ്റ്റന്റുകാരുടെ സംരക്ഷണം മതിയെന്നു പറയുമൊ കണ്ടെയറിയാവൂ

ഒരു നല്ല ഉത്തരം.

(താഴെപറയുന്ന സംഗതി വായനക്കാരിൽ ഒരുത്തൻ എഴുതിഅയച്ചതാകുന്നു)

കുറെക്കാലമായി പ്രൊട്ടെസ്റ്റാന്തസഭയിൽ കൂടി നടന്നുവരുന്ന ഹീനജാതിക്കാരായ സഭക്കാരുടെ വൎദ്ധനവും സ്ഥിരതയും അവരുടെ അയൽവാസികളായ പാപ്പാമാൎഗ്ഗക്കാർ കണ്ടു ക്രിസ്തുവിന്റെ കാലത്ത ജീവിച്ചിരുന്ന യൂദന്മാരെ[illegible]പോലെ അസൂയകൊണ്ടു പരവശന്മാരായി ഇവരുടെ ഉപദേശം ലോകം ര

ക്കേയും നിറെച്ചുവല്ലൊ എന്ന പറഞ്ഞ മുന്തിയ ആളുകളുടെ നേരെ എന്തു
ഞെന്നാൽ യാതൊന്നും ഫലിക്കയില്ലെന്നു കരുതി ഠരം പാവപ്പെട്ട നമ്മുടെ
ക്രിസ്ത്യാനികളെ ആളയച്ചുവരുത്തി പ്രൊട്ടെസ്റ്റന്തുമതം ഉപേക്ഷിക്കുന്ന
തിനും പാപ്പാമാൎഗ്ഗം സ്വീകരിക്കുന്നതിനും വേണ്ടി ചാലെക്കൂട്ടിയുംകൊണ്ടു ഇ
വരോട പറഞ്ഞതെന്തെന്നാൽ, മഹാ രാവിത്തുകപ്പെട്ടവരേ ലോകത്തിലുള്ളതി
ലേക്കും പുരാധീനവും സത്യവും ആയിരിക്കുന്ന ഞങ്ങളുടെ മാൎഗ്ഗം വെടിഞ്ഞും
വച്ചു ഇടക്കൂട്ടുകാരും മഹാറോൻപെട്ടവരുമായ ഇംഗ്ലീഷന്മാരുടെ മാൎഗ്ഗത്തിൽ
നിങ്ങൾ ചെന്നുചേൎന്ന നിത്യനാശത്തിലേക്ക പോകുന്നതിനൊ? അമ്മക്കൂടാ
തേയും ഞങ്ങൾക്കുള്ള പദവികൾ പോലെ എങ്കിലും വിശേഷങ്ങൾപോലെ
എങ്കിലും യാതൊന്നും അവൎക്കില്ലായെന്നുള്ളതും നിങ്ങൾക്കുതന്നെ കണ്ടറി
യാമെല്ലൊ. പിന്നെയും ഞങ്ങളുടെ മാൎഗ്ഗക്കാർ തന്നെയും എത്ര സ്ഥിരതയും ആ
ചാരണാമുള്ളവർ ആകുന്നു എന്ന നോക്കുവിൻ. ഠരം ഇംഗ്ലീഷന്മാർ നമ്മു
ടെ ദിക്കിൽ വന്നതിൽപിന്നെ ഞങ്ങളുടെ കൂട്ടത്തിൽനിന്ന തിരെ ഒരു ഉര
പ്പാലി എങ്കിലും അവരുടെ മാൎഗ്ഗത്തിൽ കൂടിയപ്രകാരം നിങ്ങൾ വാഞ്ഞുകേ
ട്ടിട്ടുണ്ടൊ? ഇതിന്ന ആ പാവപ്പെട്ട ക്രിസ്ത്യാനികൾ പറഞ്ഞതെന്തെന്നാൽ നി
ങ്ങളുടെ മാൎഗ്ഗം പുരാധീനമായിട്ടുള്ളതായിരിക്കും എങ്കിലും നിങ്ങളുടെ ഉപദേ
ശങ്ങളും ചട്ടങ്ങളും ക്രിസ്ത്യാനികൾക്ക ആധാരമായിരിക്കുന്ന വേദപുസ്തകത്തിൽ
നിന്ന ഇടലം വ്യത്യാസമുള്ളതും മനുഷ്യരെ മോക്ഷമാൎഗ്ഗത്തിൽനിന്ന തെ
റ്റിക്കുന്നതുമായ കുരുട്ടുപദേശങ്ങളാകുന്നു. അതെങ്ങിനെ എന്നാൽ സത്യമു
ള്ള ദൈവത്തെ ഒഴികെ മറ്റയാതൊന്നിനെയും വന്ദിച്ചു സേവിക്കരുതെന്നു വി
ശുദ്ധവേദത്തിൽ കല്പിച്ചിരിക്കുമ്പോൾ നിങ്ങൾ ആയത മറെച്ചുവച്ച ഒട്ടും അ
റിവില്ലാത്തവരെപോലെ അസംഖ്യം പുണ്യാത്മാക്കന്മാരെയും പുണ്യസ്ത്രീകളെയും
വന്ദിച്ചു സേവിച്ച അവരാൽ രക്ഷപെടാമെന്ന നിങ്ങളുടെ അജ്ഞാനിക
ളെയും പഠിപ്പിച്ചുവരുന്നത ശരിയായിട്ടുള്ള ഉപദേശമൊ? പിന്നെയും വേദ
പുസ്തകത്തിൽ എഴുതപ്പെട്ടിരിക്കുന്ന ഒരു വാക്കിനെ കുറക്കയൊ കൂട്ടുകയൊ
ചെയ്യുന്നവൻ വലുതായിട്ടുള്ള ശിക്ഷക്കു പാത്രവാനാകുന്നു എന്ന ദൈവം കല്പി
ച്ചിരിക്കുമ്പോൾ നിങ്ങൾ ആയതിനെ ധിക്കരിച്ചുംവച്ച അതിനോട കൂട്ടുകയും
കുറക്കയും ചെയ്തിരിക്കുന്നത ന്യായമൊ? പിന്നെയും സായ്പന്മാർ ഠരം ദിക്കിൽ
വന്നതിൽപിന്നെ നിങ്ങളുടെ മാൎഗ്ഗത്തിൽനിന്ന ആരും അവരുടെ മാൎഗ്ഗത്തിൽ
ചെരാഞ്ഞതിന്റെ കാരണം വേദപുസ്തകം വായിക്കരുതെന്ന കല്പനയായിട്ട
അവരെ വിരോധിക്കയാൽ സത്യാസത്യം അറിവാൻ പാങ്ങില്ലാതെ കത്ത
ങ്ങൾ പറയുന്നത എല്ലാം നേരെന്ന വിശ്വസിച്ചുംകൊണ്ട കിടന്നു ബുദ്ധിമുട്ടു
ന്നതല്ലാതെ മറ്റൊന്നുകൊണ്ടുമല്ല. കത്തങ്ങൾ ഠരം ഉത്തരം കേട്ടിട്ട വകവെ
ക്കാതെ ചിരിച്ചുംകൊണ്ട ഹാ വിഡ്ഢികളെ ഇതൊക്കയും അവർ നിങ്ങളെ
പൊട്ടൻതട്ടിക്കുന്നതിന വകഞ്ഞുകെട്ടിയിരിക്കുന്ന പ്രബന്ധങ്ങളല്ലയൊ? നി
ങ്ങൾ ഇതുവിശ്വസിച്ചൊ നടക്കുന്നത? ഇവർ മുമ്പെ തന്നെ ഞങ്ങളുടെ മാൎഗ്ഗ
ത്തിലുള്ളവരായിരുന്ന പിന്നെ എന്തൊ ഒരാണ്ടൊരു കാരണത്തെപ്രതി ഞ
ങ്ങളിൽനിന്ന പിരിഞ്ഞ എതിരാളികൾ എന്നാരംഭപ്പെടുന്ന പറങ്ങേണ്ടും കേൾ
വിപ്പെടാത്ത പ്രൊട്ടെസ്റ്റാന്തന്മാരെന്ന നൂതനമാൎഗ്ഗക്കാരായി തീൎന്നിരിക്കുന്നവരാ
കുന്നു. നിങ്ങൾ അവരോട അടുത്തതിനാൽമാത്രം അറിവാനുണ്ട. നിങ്ങൾ ഒട
ത്തുട്ടുകാരോടുകൂടെ നശിച്ചുപോകരുതെല്ലൊ എന്നുകരുതി ആയതിനിടവരുത്തി
രിക്കുന്നതിനവേണ്ടി വിളിപ്പിച്ചതല്ലാതെ നിങ്ങളെ നിന്ദിക്കുന്നതിനും നിങ്ങ
ളോട തൎക്കിക്കുന്നതിനുമായിട്ടല്ല. ആകയാൽ ഞങ്ങൾ ഇനി ഒരു ഗുണദോഷം
കൂടെ നിങ്ങളോട പറയാം. നിങ്ങൾക്ക രക്ഷപെടുവാൻ മനസ്സുണ്ടെങ്കിൽ
ഞായത്തിനെ അംഗീകരിച്ച അതിൻപ്രകാരം നടക്കേണമെന്ന അപേക്ഷി
ക്കുന്നു. ഇങ്ങിനെ പറഞ്ഞുവച്ച വിഗാരിഅച്ചൻ അവരുടെ കൂട്ടരിൽ മൂ
പ്പിച്ചുമാരാക്കി അവരെ എല്ലാവ [illegible] ഉടനെ വെളുത്തച്ച
വന്നിട്ടൊരു യോഗ്യൻ പിച്ചാത്തിനാരായവുംമേലിയിൽ തിരുകി ഒരു എടി
ക്കാലയും കയ്യിൽപിടിച്ച ആശ്രമത്തിന്റെ അടുക്കലൊട്ട ചെന്ന അവർ ഒ
ഴിൽ വരുന്നതാണൊ ഒന്നുമന്ത്രിച്ചു. ഉടനെ ആയാൾ മുറിക്കാലയിൽ ആരെയും

കൊണ്ടതായാൽ ഞങ്ങളുടെ അടുക്കൽ വന്ന നിങ്ങൾ ആദ്യം പഠിക്കേണ്ടതു ഇതാകുന്നു. ഇതു പഠിച്ചു നിങ്ങൾക്കു മോക്ഷം കിട്ടു എന്നു പറഞ്ഞ ഒരു രു ഞങ്ങളുടെ തള്ളിൽ തന്നു. ഞങ്ങൾ അതു വാങ്ങിച്ചു മുകളിലിട്ട വായിച്ചാറെ

ംരംശോമറിയം ഔസേപ്പ
നിന്റെ ആത്മാവിനു തുണ.

